ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) 25 കേന്ദ്രങ്ങളിൽ പോളി ക്ലിനിക്കുകൾ ആരംഭിച്ച് ഉത്തരവായിട്ടുണ്ട്.

(സി-ഇ) ഇതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

ഫസ്റ്റ് റഫറൽ ആശുപത്രികൾ

2 (2038) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-2010 വർഷത്തിൽ സംസ്ഥാനത്ത് എത്ര ആശുപത്രികളെ ഫസ്റ്റ് റഫറൽ ആശുപത്രികളാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് പേർ സഹിതം വെളിപ്പെടുത്തുമോ ;

(ബി) ഫസ്റ്റ് റഫറൽ ആശുപത്രിയിൽ രോഗികൾക്കുള്ള ചികിത്സാ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(സി) കണ്ണൂർ ജില്ലയിൽ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ഫസ്റ്റ് റഫറൽ ആശുപത്രിയാക്കി ഉയർത്താനുള്ള അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പാനൂർ സി.എച്ച്.,സി.യെ ഫസ്റ്റ് റഫറൽ ആശുപത്രിയായി ഉയർത്തി രോഗികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2005-2010 വർഷത്തിൽ സംസ്ഥാനത്ത് ഒരു ആശുപത്രിയും ഫസ്റ്റ് റഫറൽ ആശുപത്രി ആക്കിയിട്ടില്ല.

(ബി) ഈ ആശുപത്രികളിൽ ഗൈനക്കോളജി വിഭാഗം, പീഡിയാട്രിക് വിഭാഗം എന്നിവ കൂടാതെ അനസ്തിറ്റിസ്റ്റും ഉണ്ടാവും. കൂടാതെ മെഡിക്കൽ സർജറി വിഭാഗത്തിലും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഇ.സി.ജി, എക്സ്റേ സംവിധാനങ്ങളും ലബോറട്ടറി സംവിധാനങ്ങളും ലഭ്യമാണ്.

(സി&ഡി) റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് മേൽനടപടി സ്വീകരിക്കുന്നതാണ്.

സ്വന്തം വസതിയിലല്ലാതെ പ്രാക്ടീസ് നടത്തിയ ഡോക്ടർമാർക്കെതിരെ നടപടി

3 (2066) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly